# പതിമൂന്നാം കേരള നിയമസഭ

**പതിനൊന്നാം സമ്മേളനം**
**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 32 - 10/06/2014 -ലെ മറുപടിക്ക്**

**സാമ്പത്തിക ഉത്തരവാദിത്ത നിയമം**

| ചോദ്യം<br>ശ്രീ. റ്റി. വി. രാജേഷ്<br>ഡോ. ടി. എം. തോമസ് ഐസക്<br>ശ്രീ. എ. പ്രദീപ്കുമാർ | ഉത്തരം<br>ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| (എ) ക്രമാനുഗതമായി റവന്യൂ കമ്മി ഇല്ലാതാക്കിയും കടം നിയന്ത്രിച്ചും സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ ഉദ്ദേശിച്ചു കൊണ്ടുള്ള സാമ്പത്തിക ഉത്തരവാദിത്തനിയമം, ലക്ഷ്യം നേടിയോ; | ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) നിയമം 2011 ൽ ലക്ഷ്യമിട്ടതു പോലെ റവന്യൂ കമ്മി ക്രമാനുഗതമായി കുറച്ചു കൊണ്ടു വരാൻ കഴിഞ്ഞിട്ടില്ല. എന്നാൽ സംസ്ഥാനത്തിന്റെ മൊത്തം കടബാധ്യതയുടെ കാര്യത്തിൽ 2011-12, 2012-13, 2013-14 (പ്രാഥമിക കണക്കുകൾ പ്രകാരം) വർഷങ്ങളിൽ ലക്ഷ്യം നേടാൻ സാധിച്ചിട്ടുണ്ട്. |
| (ബി) അധിക വരുമാന - ആസ്തികൾ സൃഷ്ടിക്കുന്നതിന് കഴിഞ്ഞ ഒരു വർഷം എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചുവെന്നും ഇതുമൂലം എന്ത് അധിക വരുമാനം ലഭ്യമാക്കാൻ സാധിച്ചുവെന്നും വ്യക്തമാക്കുമോ; | അധിക വരുമാന ആസ്തികൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ കഴിഞ്ഞ വർഷം കൊച്ചി മെട്രോ, ഹൈസ്പീഡ് റെയിൽ കോറിഡോർ, തിരുവനന്തപുരം- കോഴിക്കോട് മോണോ റെയിൽ പ്രോജക്ട്, കണ്ണൂർ വിമാനത്താവളം, വിഴിഞ്ഞം തുറമുഖം, മൊബിലിറ്റി ഹബ്, 35-ാം ദേശീയ ഗെയിംസ്, തലസ്ഥാന നഗര വികസന പദ്ധതി, കൊച്ചി - പാലക്കാട് നാഷണൽ ഇൻവെസ്റ്റ്മെന്റ് ആൻഡ് മാനുഫാക്ചറിംഗ് സോൺ, പെട്രോളിയവും കെമിക്കൽസും പെട്രോ കെമിക്കൽ ഇൻവെസ്റ്റ്മെന്റ് മേഖലയും എന്നീ വൻകിട പദ്ധതികൾക്ക് സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്. ഈ പദ്ധതികളുടെ പ്രവർത്തനങ്ങൾക്കായി 2013-14 സാമ്പത്തിക വർഷം 846 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിൽ 362.03 കോടി |

| | |
|---|---|
| | രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതികൾ എല്ലാം തന്നെ പ്രാഥമിക ദശയിലാണ്. ഇവ പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാകുന്ന തോടുകൂടി മാത്രമേ ഇതിൽ നിന്നുള്ള അധിക വരുമാനം സംസ്ഥാനത്തിന് ലഭിച്ചു തുടങ്ങുകയുള്ളൂ.<br>അധിക വരുമാനം ലഭ്യമാക്കുന്നതിന്റെ ഭാഗമായി നികുതി - നികുതിയേതര നിരക്കുകൾ വർദ്ധിപ്പിക്കുന്നതിന് വിവിധ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതുപ്രകാരം 2013-14 സാമ്പത്തിക വർഷത്തിൽ റവന്യൂ, പൊതു വിദ്യാഭ്യാസം, മത്സ്യബന്ധനം-തുറമുഖം, ഊർജ്ജം, ധനകാര്യം, ആഭ്യന്തരം, ജലവിഭവം, പൊതുമരാമത്ത്, തൊഴിൽ, സഹകരണം, സാംസ്കാരികം, ഉന്നതവിദ്യാഭ്യാസം, ഭക്ഷ്യ-സിവിൽ സപ്ലൈസ് എന്നീ വകുപ്പുകളിലെ വിവിധ നികുതിയേതര നിരക്കുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്.<br>സംസ്ഥാനത്ത് അധികവരുമാനം കണ്ടെത്തുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി 28/04/2014 ലെ സർക്കാർ ഉത്തരവ് (പി) നം.151/14/ധന പ്രകാരം ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ ചെയർമാനും ചീഫ് സെക്രട്ടറി കൺവീനറുമായ ഒരു സമിതിയെ നിയമിച്ചിട്ടുണ്ട്. ടി സമിതിയുടെ ശുപാർശകൾ ലഭിക്കുന്ന മുറയ്ക്ക് ഇതിൻ മേൽ തീരുമാനം എടുക്കുന്നതാണ്. |
| ( സി ) ഇല്ലെങ്കിൽ ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | മേൽ പിരിവിന്റെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല |

സെക്ഷൻ ആഫീസർ